(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 9.57-ന് നിർത്തിവച്ച സഭ 11.00 മണിക്ക് പുനരാരംഭിച്ചു.)

<u>മി.സ്പീക്കർ</u>: ചോദ്യോത്തര വേളയിൽ നിരന്തരം നിർഭാഗ്യകരമായ നിലയിൽ പെരുമാറുന്നത് ചില അംഗങ്ങൾ ശീലമാക്കിയിരിക്കുകയാണ്. കേരളം നേരിട്ട പ്രളയവുമായി ബന്ധപ്പെട്ട് അതിസുപ്രധാനമായ ചോദ്യങ്ങളാണ് സഭയുടെ മുമ്പാകെ വന്നിരിക്കുന്നത്. അവയ്ക്ക് ഒരുമിച്ച് മറുപടി നൽകുന്നതിന് നാല് ചോദ്യങ്ങൾ ക്ലബ് ചെയ്യണമെന്നാവശ്യപ്പെട്ട് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ രേഖാമൂലം ചെയറിനോട് ആവശ്യപ്പെട്ടിരുന്നു. അത് പരിഗണിച്ചുകൊണ്ടാണ് നാല് ചോദ്യങ്ങളും ക്ലബ് ചെയ്യാനുള്ള നിലപാട് ചെയർ സ്വീകരിച്ചത്. എന്നാൽ ചോദ്യങ്ങൾ ക്ലബ് ചെയ്യണമെന്നാവശ്യപ്പെട്ട് രേഖാമൂലം എഴുതി നൽകിയ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ ചോദ്യോത്തര വേള ആരംഭിച്ചയുടൻതന്നെ അസാധാരണമായ നിലയിൽ പ്രതികരിച്ചുവെന്നത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. എന്തിനാണ് തങ്ങളുടെ പ്രതിഷേധമെന്നും ഉന്നയിക്കാൻ പോകുന്നത് എന്താണെന്നും മനസ്സിലാക്കാതെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുപോലും സംസാരിക്കാൻ അവസരം ലഭിക്കാത്ത വിധത്തിലാണ് അംഗങ്ങൾ

പെരുമാറിയത്. ചില അംഗങ്ങൾ നിരന്തരമായി ചെയറിന്റെ പ്രവൃത്തിയെയും കാഴ്ചയെയും തടസ്സപ്പെടുത്തുന്നത് ഈ സഭയിൽ ഒരു ശീലമാക്കിയിരിക്കുകയാണ്. അത് ശരിയല്ലെന്ന് പലതവണ പറഞ്ഞിട്ടും അതിനോട് പ്രതികരിക്കുന്ന രീതി അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഒരു കാരണവശാലും അത് അനുവദിക്കാനാവില്ലെന്ന് വീണ്ടും സഭയെ ഓർമ്മിപ്പിക്കുകയാണ്. പ്രതിപക്ഷാംഗങ്ങളുടെയും പ്രതിപക്ഷനേതാവിന്റെയും ജനാധിപത്യപരമായ എല്ലാ അവകാശങ്ങൾക്കും പ്രകടനങ്ങൾക്കും ഒരു തടസ്സവും ചെയറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല, ഉണ്ടാവുകയുമില്ല. പക്ഷേ അസാധാരണമായ നിലയിൽ തങ്ങൾക്ക് താല്പര്യമുള്ളപ്പോൾമാത്രം സഭാനടപടികളോട് സഹകരിക്കുന്ന രീതി സ്വീകരിക്കുന്നത് മേലിൽ ഒരു കാരണവശാലും അനുവദിക്കാൻ കഴിയുകയില്ലെന്ന് ശക്തമായി ചെയർ മുന്നറിയിപ്പ് നൽകുകയാണ്. താല്പര്യമുള്ള സന്ദർഭങ്ങളിലും താല്പര്യമുള്ള വിഷയങ്ങൾ വരുന്ന സമയത്തും സഭാനടപടികളുമായി സഹകരിച്ചുപോകുന്ന രീതി ഒരു കാരണവശാലും മേലിലുണ്ടാകരുത്. അത് അനുവദിക്കാതിരിക്കുന്നത് ജനാധിപത്യധ്വംസനമായി ഭാവിയിൽ വിലയിരുത്തുകയും ചെയ്യുരുതെന്ന് ചെയർ വളരെ ശക്തമായ നിലയിൽ ആവശ്യപ്പെടുകയാണ്. നിരന്തരമായ ഈ

രീതി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നതല്ല.